പാഠം 5

# ശ്രേഷ്ഠനായ സമാധാനപ്രഭു

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 9:1–5; 9:6,7; 9:8–10:34; യെശയ്യാവ് 11; 12:1–6.**

**മനഃപാഠവാക്യം: "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 9:6).**

ആദ്യത്തെ ആറ്റംബോംബിന്റെ സൃഷ്ടിക്ക് മേൽനോട്ടം വഹിച്ച ഡോ. റോബർട്ട് ഓപ്പൻഹീമർ ഒരു അമേരിക്കൻ കോൺഗ്രസ്സ് കമ്മിറ്റിയുടെ മുമ്പിൽ ഹാജരായി. ആ ആയുധത്തിനെതിരെ എന്തെങ്കിലും പ്രതിരോധം ഉണ്ടോ എന്ന് അവർ അവനോട് ചോദിച്ചു.

"നിശ്ചയമായും", ആ വലിയ ഊർജ്ജതന്ത്രജ്ഞൻ മറുപടി പറഞ്ഞു. "അത്... ഡോ. ഓപ്പൻഹീമർ സദസ്സിനെ നോക്കി ശാന്തമായി പറഞ്ഞു: 'സമാധാനം' – Paul Lee Tan, Encyclopedia of 7000 Illutrations: Signs the Times (Rockville, MD. Assurance Publishers, 1985) p. 989.

സമാധാനം എന്നത് മനുഷ്യരാശിക്ക് പിടികൊടുക്കാത്ത ഒരു സ്വപ്നമാണ്. രേഖപ്പെടുത്തപ്പെട്ട ചരിത്രം മുതൽ ലോകം പൂർണ്ണ സമാധാനത്തിലായിരുന്നത് ആകെ സമയത്തിന്റെ 8% മാത്രമാണ് എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ വർഷങ്ങളിൽ, ചുരുങ്ങിയത് 8000 ഉടമ്പടികളെങ്കിലും ലംഘിക്കപ്പെട്ടിട്ടുണ്ട്. സകല യുദ്ധങ്ങളും അവസാനിപ്പിക്കാനുള്ള യുദ്ധം എന്നു കരുതപ്പെട്ടിരുന്ന ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുള്ള 50 വർഷങ്ങളിൽ ഓരോ വർഷത്തെ യുദ്ധത്തിനും 2 മിനിറ്റ് വീതമേ സമാധാനം ഉണ്ടായിരുന്നുള്ളൂ.

1895 ൽ ഡൈനമൈറ്റിന്റെ ഉപജ്ഞാതാവായ ആൽഫ്രഡ് നോബേൽ, സമാധാനത്തിനായി സംഭാവന നൽകുന്നവർക്ക് സമ്മാനം നൽകുന്നതിനായി ഒരു ട്രസ്റ്റ് രൂപീകരിച്ചു. എന്നിരുന്നാലും നോബേൽ പുരസ്കാര ജേതാക്കളായവർപോലും അക്രമ പോരാട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

ഈയാഴ്ചയിൽ നാം നിത്യസമാധാനം നൽകുന്ന ഒരേയൊരുവനെക്കുറിച്ച് പഠിക്കാം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 30 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഗലീലയുടെ ഇരുളിന് അന്ത്യം (യെശ. 9:1-5)

**യെശ. 9:1 എന്തുകൊണ്ടാണ് അതിനുമുമ്പുള്ള വാക്യത്തിനു വിരുദ്ധമായുള്ള ഒരു വാക്യമായി ആരംഭിക്കുന്നത്?**

സത്യം ദൈവത്തിനു പകരം മന്ത്രവാദത്തിലേക്ക് തിരിയുന്നവരുടെ നിരാശാജനകമായ അവസ്ഥയെക്കുറിച്ച് യെശ. 8:21,22 വിവരിക്കുന്നു. അവർ എവിടേക്ക് തിരിഞ്ഞു നോക്കിയാലും "അവർ ഭൂമിയിൽ നോക്കുമ്പോൾ കഷ്ടതയും അന്ധകാരവും സങ്കടമുള്ള തിമിരവും കാണും; കൂരിരുട്ടിലേക്ക് അവരെ തള്ളിക്കളയും" (യെശ. 8:22). ഇതിനു വിരുദ്ധമായി, "എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിൽ തിമിരം നില്ക്കയില്ല... മഹത്വം വരുത്തും" (യെശ. 9:1) നല്ല ഒരു സമയം വരും. ഗലീല മേഖലയിലുള്ള ജനതയ്ക്ക് "വലിയൊരു വെളിച്ചം" (യെശ. 9:2) ലഭിക്കുന്നതായി കാണുന്നു. ആ രാഷ്ട്രം സന്തോഷിച്ച് പെരുകും കാരണം ദൈവം അവരുടെ കഷ്ടതകൾ "ഒടിച്ചുകളഞ്ഞിരിക്കുന്നു" (യെശ. 9:4).

ഇവിടെ ഗലീല തടാകത്തിന്റെ മേഖല സൂചിപ്പിക്കുന്നതിനു കാരണം ആ സ്ഥലമാണ് യിസ്രായേലിൽനിന്നും ആദ്യം പിടിച്ചടക്കിയത്. സഹായത്തിനായുള്ള ആഹാസിന്റെ അപേക്ഷക്ക് പ്രതികരണമായി തിഗ്ലത്ത് പിലേസർ III വടക്കൻ യിസ്രായേലിലെ ഗലീലയും യോർദ്ദാനപ്പുറവും കീഴടക്കുകയും കുറച്ച് ആളുകളെ അടിമകളായി പിടിക്കയും ആ സ്ഥലങ്ങളെ അസ്സീര്യൻ സംസ്ഥാനങ്ങളാക്കി മാറ്റുകയും ചെയ്തു (2 രാജാ. 15:29). അതിനാൽ, യെശയ്യാവിന്റെ ദൂത് ഇതാണ്, ആദ്യം കീഴടക്കപ്പെട്ടവർ തന്നെ ആദ്യം വിടുതൽ പ്രാപിക്കും.

**അവന്റെ ജനങ്ങളെ വിടുവിക്കുവാൻ ദൈവം ആരെയാണ് ഉപയോഗിക്കുന്നത്? (യെശ. 9:6,7).**

എപ്പോൾ എങ്ങനെയാണ് യെശ. 9:1-5 ലെ പ്രവചനം നിവൃത്തിയായത്? (മത്തായി 4:12-25).

യേശുവിന്റെ പ്രാരംഭ കാലത്തുള്ള ശുശ്രൂഷ ഗലീലയിൽ ആയത് യാദൃശ്ചികമല്ല, അവിടെ അവൻ ദൈവരാജ്യത്തിന്റെ സുവാർത്ത പ്രഖ്യാപിച്ച് പ്രത്യാശ നൽകി, ജനങ്ങളെ സൗഖ്യമാക്കുകയും ഭൂതഗ്രസ്തരെ മന്ത്രവാദത്തിന്റെ അടിമത്തത്തിൽനിന്ന് വിടുവിക്കയും ചെയ്തു (മത്തായി 4:24).

പഴയനിയമകാലത്ത് സംഭവിപ്പാനിരിക്കുന്നതിന്റെ ഒരു മുൻകാഴ്ച വേദപുസ്തകം ഒരുക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇത്. മത്തായി 24 ൽ എ.ഡി. 70 ൽ സംഭവിച്ച യെരൂശലേമിന്റെ നാശത്തെ ലോകാവസാനവുമായി ബന്ധിപ്പിച്ചതുപോലെ ഒരു കാലഘട്ടത്തിലെ ദൃശ്യങ്ങൾ മറ്റൊരു കാലവുമായി ദൈവം കൂട്ടിയിണക്കുന്നു.

**യേശു നിങ്ങളെ എന്തിൽനിന്നാണ് വിടുവിച്ചതെന്ന് ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ, നിങ്ങൾ എന്ത് മറുപടി പറയും? നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ ശക്തിയെ സബംന്ധിച്ച എന്ത് വ്യക്തിപമായ സാക്ഷ്യമാണ് നിങ്ങൾക്കു നൽകാൻ കഴിയുക?**

## നമുക്കായി ഒരു ശിശു (യെശ. 9:6)

മഹേർ-ശാലാൽ-ഹാശ്-ബസിന്റെയും ഇമ്മാനുവേലിന്റെയും ജനനങ്ങളെ പ്രതിപാദിച്ചതിനെ തുടർന്ന് ഇവിടെയിതാ യെശയ്യാവിന്റെ പുസ്തകത്തിലെ മൂന്നാമത്തെ പ്രത്യേകമായ ജനനം.

**ഈ വാക്യങ്ങളിൽ കാണുന്ന ശിശുവിനെ സംബന്ധിച്ച് എന്താണ് വിശേഷമായുള്ളത്? (യെശ. 9:6,7).**

ഈ വീണ്ടെടുപ്പുകാരന് അവനെ വർണ്ണിക്കുന്ന നിരവധി പേരുകൾ/വിശേഷണങ്ങൾ ഉണ്ടെന്നത് ശ്രദ്ധിക്കുക. പുരാതന സമീപ കിഴക്കൻ നാടുകളിൽ രാജാക്കന്മാർക്കും ദേവന്മാർക്കും അവരുടെ മഹത്വം കാണിക്കുന്നതിനായി നിരവധി പേരുകളുണ്ടായിരുന്നു.

കർത്താവിന്റെ ദിവ്യനായ ദൂതൻ അവന്റെ സ്വന്തം നാമം ശിംശോന്റെ പിതാവിനോട് വർണ്ണിച്ചതുപോലെ “അതിശയമുള്ളവൻ” തന്നെ ആയിരുന്നു അവൻ (ന്യായാ. 13:18 ഒരേ എബ്രായ മൂല പദം). പിന്നീട് അവൻ മനോഹയുടെ യാഗാഗ്നിയിൽ സ്വർഗ്ഗത്തിലേക്കു പോയി (ന്യായാ. 13). അപ്രകാരം 1500 വർഷങ്ങൾക്കുശേഷം അവൻ തന്നെ യാഗമായി സമർപ്പിക്കുന്നതിന്റെ ഒരു മുൻകാഴ്ച ഒരുക്കി.

അവനെ ദിവ്യനായാണ് സൂചിപ്പിക്കുന്നത് (ശക്തനായ ദൈവം) അതോടൊപ്പം തന്നെ നിത്യ സ്രഷ്ടാവും (“നിത്യപിതാവ്” ലൂക്കൊസ് 3:38 കാണുക).

അവൻ ദാവീദ് വംശത്തിൽ ഒരു രാജാവാണ്. അവന്റെ സമാധാനത്തിന്റെ രാജ്യം നിത്യമായിരിക്കും.

ഈ വിശേഷങ്ങളൊക്കെ നൽകപ്പെട്ടിരിക്കുന്നതുകൊണ്ട്, ആരു മാത്രമായിരിക്കും ഈ ശിശു? (ലൂക്കൊസ് 2:8–14 കാണുക).

ചിലർ അവനെ ഹിസ്കീയാ രാജാവുമായി ഐക്യരൂപപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആ വിവരണം ഏതൊരു സാധാരണ മനുഷ്യജീവിയെയും പിന്നിലാക്കുന്നതാണ്. ഒരു വ്യക്തി മാത്രമാണ് അതിന് അനുയോജ്യൻ. യേശുക്രിസ്തു, സ്രഷ്ടാവും ദൈവത്തിന്റെ ദിവ്യപുത്രനും (യോഹ. 1:1–3,14; കൊലൊ. 1:5–17; 2:9; എബ്രാ. 1:2). നമുക്ക് സമാധാനം തരുവാനും നമ്മെ രക്ഷിക്കുവാനുമായി ജനിച്ചവൻ. അവന് സ്വർഗ്ഗത്തിലും ഭൂമിയിലുള്ള സകല അധികാരവും ലഭിച്ചിരിക്കുന്നു, അവൻ എപ്പോഴും നമ്മോടൊപ്പമുണ്ട് (മത്തായി 28:18–20). അവന്റെ ദിവ്യത്വം നിലനിർത്തിക്കൊണ്ടു തന്നെ അവൻ എന്നന്നേക്കുമായി മനുഷ്യനും ആയിത്തീർന്നു, എപ്പോഴും അവൻ നമ്മുടെ ബലഹീനതകളിൽ നമ്മോട് സഹതപിക്കുന്നു (എബ്രാ. 4:15). “നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു...” എന്നന്നേക്കുമായി!

“ക്രിസ്തു നമ്മുടെ ഭൂമിയിൽ വന്നപ്പോൾ, പശുത്തൊട്ടിൽ മുതൽ കാൽവരി വരെയുള്ള ഓരോ ചുവടിലും സാത്താൻ ഇടർച്ചയുണ്ടാക്കി. സ്വയത്യാഗം എന്തെന്നറിയാത്ത ദൈവം ദൂതന്മാരുടെ സ്വയത്യാഗം ആവശ്യപ്പെട്ടു. ഈ ആരോപണമാണ് ദൈവത്തിനെതിരെ സ്വർഗ്ഗത്തിൽ സാത്താൻ ഉന്നയിച്ചത്. ഈ വ്യാജാരോപണങ്ങളെ നേരിടുന്നതിനും പിതാവിനെ വെളിപ്പെടുത്തുന്നതിനുമാണ് ക്രിസ്തു ഈ ഭൂമിയിലേക്ക് വന്നത്.” E.G. White, Selected Messages Book 1, pp. 406,407.

**ഈ ഉദ്ധരണി ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് നമ്മോട് എന്തു പറയുന്നു?**

## ദൈവകോപത്തിന്റെ വടി (യെശ. 9:4; 10:34).

**മന്ത്രവാദത്തിൽ ആശ്രയിച്ച് അടിച്ചമർത്തലിനും സൈനിക കീഴടങ്ങലിനും ഇരയായിത്തീർന്ന നിരാശിതരും വേദനിക്കുന്നവരുമായ ജനങ്ങളുടെ മോചനം യെശ. 9:1–5 ൽ പ്രവചിക്കുന്നു: "അവനെ ദണ്ഡിപ്പിക്കുന്നവന്റെ വടിയും മിദ്യാന്റെ നാളിലെപ്പോലെ നീ ഒടിച്ചുകളഞ്ഞിരിക്കുന്നു" (യെശ. 9:4).**

മുകളിലുള്ള വാക്യങ്ങളിൽ കാണപ്പെടുന്ന ദൈവജനത്തിന്റെ യാതന വായിക്കുക. ലേവ്യ. 26:14–39 ൽ ഉള്ള ശാപങ്ങൾ താരതമ്യം ചെയ്യുക. എന്തുകൊണ്ടാണ് ദൈവം അവന്റെ ജനത്തെ ഘട്ടം ഘട്ടമായി ശിക്ഷിച്ചത്? ഇത് അവന്റെ ലക്ഷ്യങ്ങളെയും സ്വഭാവത്തെയും കുറിച്ച് എന്താണു സൂചിപ്പിക്കുന്നത്?

ദൈവം അവന്റെ ജനത്തെ നശിപ്പിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിൽ, അവന് ഉടൻ തന്നെ അവരെ അശ്ശൂര്യർക്കു നൽകാമായിരുന്നു. എന്നാൽ അവൻ സഹിഷ്ണുത ഉള്ളവനാണ്, "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു" (2 പത്രൊസ് 3:9) "ന്യായാധിപന്മാരുടെ" കാലത്ത് എന്നപോലെ യെഹൂദയിലെയും യിസ്രായേലിലെയും ജനങ്ങൾ അവരുടെ അവിവേകത്തിന്റെ ഫലങ്ങൾ അനുഭവിക്കുവാൻ അവൻ അനുവദിച്ചു. അവൻ എന്താണ് ചെയ്യുന്നതെന്ന് അവർക്കു മനസ്സിലാകുകയും ഒരു മെച്ചപ്പെട്ട തിരഞ്ഞെടുപ്പ് നടത്തുവാൻ അവസരം ഉണ്ടാകുകയും ചെയ്യും. അവർ ദുഷ്ടതയിൽ തുടരുകയും ആഹ്വാനങ്ങൾക്കും അവനും എതിരെ അവരുടെ ഹൃദയങ്ങൾ കഠിനമാക്കുകയും ചെയ്തപ്പോൾ, ദൈവം തന്റെ സംരക്ഷണം പിൻവലിച്ചു. എന്നാൽ അവർ മറുതലിക്കുന്നത് തുടർന്നു.

**യെശയ്യാവ് 9:8–10:2 വായിക്കുക. ജനങ്ങൾ എന്ത് പാപങ്ങളിലാണ് കുറ്റക്കാരായിരിക്കുന്നത്? ആർക്കെതിരെയാണ് അവർ അവ ചെയ്തത്? അവർക്കിടയിൽ ആരാണ് കുറ്റക്കാർ?**

ഇവിടെയും നാം കാണുന്നത്, സ്വതന്ത്രമായ തിരഞ്ഞെടുപ്പ് എന്ന യാഥാർത്ഥ്യമാണ്. ദൈവം മനുഷ്യരെ സ്വതന്ത്രരായി ഉണ്ടാക്കി. സ്വാതന്ത്ര്യത്തിൽ തെറ്റ് ചെയ്യാനുള്ള അവകാശവും ഉൾപ്പെട്ടിരിക്കുന്നു. അവന്റെ സ്വഭാവവും സ്നേഹവും വെളിപ്പെടുത്തിക്കൊണ്ട് അവൻ വീണ്ടും വീണ്ടും നമ്മെ അവനിലേക്ക് ആകർഷിക്കുവാൻ ശ്രമിച്ചാലും നമ്മുടെ തെറ്റായ തീരുമാനങ്ങളുടെ ഫലം അനുഭവിക്കാനും അവൻ അനുവദിക്കും. വേദന, യാതന, ഭയം, പ്രശ്നങ്ങൾ അങ്ങനെയങ്ങനെ... ഇതെല്ലാം ഉണ്ടാകുന്നത് അവനിൽനിന്നും നാം തിരിഞ്ഞു പോകുമ്പോൾ എന്തായിത്തീരും എന്നു നാം തിരിച്ചറിയാനാണ്. എന്നിട്ടും പാപം വിട്ടുകളഞ്ഞ് കർത്താവായ അവനിലേക്കു മടങ്ങിവരുവാൻ അവർ കൂട്ടാക്കിയില്ല. സ്വതന്ത്ര തിരഞ്ഞെടുപ്പ് അതിശയകരമാണ്. അതില്ല എങ്കിൽ നമുക്കു മനുഷ്യരായിരിക്കാൻ ആകില്ല. എന്നിരുന്നാലും അത് തെറ്റായി ഉപയോഗിക്കുന്നവർക്ക് അയ്യോ കഷ്ടം!

**ഒരു തെറ്റായ മാർഗ്ഗത്തിൽനിന്ന് നിങ്ങളെ പിന്തിരിപ്പിക്കുവാൻ നിങ്ങളുടെ സ്വന്തം ജീവിതത്തിൽ ദൈവം എങ്ങനെയാണ് കഷ്ടപ്പാടിനെ ഉപയോഗിച്ചിട്ടുള്ളത്?**

## വേരും കൊമ്പും ഒന്നിൽ (യെശ. 11)

**യെശയ്യാവ് 11:1 ൽ "യിശ്ശായിയുടെ കുറ്റിയിൽ നിന്നും" മുളച്ചുവരുന്ന 'മുള' ആരാണ്? (സെഖ. 3:8; 6:12 കാണുക).**

യെശ. 10:33,34 ലുള്ള ഒരു മുറിച്ച മരത്തിന്റെ പ്രതിബിംബം യെശ. 11:1 കാണിക്കുന്നു. "യിശ്ശായിയുടെ കുറ്റി" പ്രതിനിധാനം ചെയ്യുന്നത് ദാവീദിന്റെ (യിശ്ശായിയുടെ മകൻ) രാജകുലത്തിന് അധികാരം നഷ്ടപ്പെടുമെന്നാണ് (ആവ. 4:10–17; 20–26). എന്നാൽ പ്രകടമായും നശിച്ചു പോയ "കുറ്റിയിൽ" നിന്ന് ഒരു "മുള/കൊമ്പ്" ഉയർന്നു വരും; അതായത് ദാവീദിൽനിന്നും ഒരു ഭരണാധികാരി ഉണ്ടാകും.

**എന്തുകൊണ്ടാണ് ദാവീദ് വംശജനായ പുതിയ ഭരണാധികാരിയെ "യിശ്ശായിയുടെ വേര്" (യെശ. 11:10) എന്നും വിളിക്കുന്നത്? (യെശ. 11:10) ഇതിന് എന്ത് യുക്തി ഉണ്ട് (വെളി. 22:16).**

"ദാവീദിന്റെ പിൻഗാമിയും വേരുമായ" യേശുക്രിസ്തുവിനു മാത്രമാണ് ഈ വിവരണം യോജിക്കുന്നത് (വെളി. 22:16, ലൂക്കൊസ് 3:23–31). അവൻ ആദാമിന്റെ പിന്തുർച്ചക്കാരനാണ്, ആദാമാകട്ടെ "ദൈവത്തിന്റെ പുത്രനും" (ലൂക്കൊസ് 3:38). ആദാമിനെ സൃഷ്ടിച്ചതിനാൽ (യോഹ. 1:1–3,14). ക്രിസ്തു ദാവീദിന്റെ മുൻഗാമിയും പിൻഗാമിയുമായിരുന്നു?

**ഏതെല്ലാം രീതികളിൽ ദാവീദ് വംശജനായ പുതിയ ഭരണാധികാരി പാപത്തിന്റെയും വിശ്വാസത്യാഗത്തിന്റെയും ദുഷ്ടഫലങ്ങൾ നേർവിപരീതമാക്കി (യെശ.11).**

അവൻ ദൈവവുമായി ഐക്യപ്പെട്ടാണ് ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും, ന്യായമായി വിധിക്കുന്നു, ദുഷ്ടരെ ശിക്ഷിക്കുന്നു, സമാധാനം കൊണ്ടുവരുന്നു. അവൻ ഭരണത്തിലാകുമ്പോൾ, ദൈവം യെഹൂദയുടെയും യിസ്രായേലിന്റെയും വിശ്വസ്തരായ ശേഷിപ്പിനെ ഐക്യപ്പെടുത്തി പുനരുദ്ധരിച്ച് തിരികെ കൊണ്ടുവരും (യെശ. 10:20–22 താരതമ്യം ചെയ്യുക). എന്നാൽ പുതിയ ഭരണാധികാരി സൃഷ്ടിപ്പിൻ കാലത്തുണ്ടായിരുന്നതുപോലുള്ള സമാധാനം കൊണ്ടുവരുന്നതുകൊണ്ട് ദാവീദിനെക്കാൾ വലിയനായിരിക്കും. മറ്റു മൃഗങ്ങളെ കൊന്നുതിന്നുന്ന മൃഗങ്ങൾ മേലിൽ മാംസഭുക്കുകളായിരിക്കില്ല, അവ അവരുടെ മുൻ ഇരകളുമായി സമാധാനത്തിൽ സഹവർത്തിക്കും (യെശ. 11:6–9).

**യെശ. 11 ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ചോ രണ്ടാം വരവിനെക്കുറിച്ചോ അതോ രണ്ടു വരവുകളെയും കുറിച്ചോ സംസാരിക്കുന്നത്? പ്രവചനത്തിലൂടെ പരിശോധിച്ച് ഏതു വാക്യങ്ങൾ ഏതു വരവിനെക്കുറിച്ചു സംസാരിക്കുന്നുവെന്ന് കുറിച്ചിടുക.**

യെശ. 11 ൽ, യേശുവിന്റെ രണ്ടു വരവും ഒരു ചിത്രമായാണ് അവതരിപ്പിച്ചിരിക്കുന്നത്. അവ കൂട്ടിയോജിപ്പിച്ചിരിക്കുകയാണ്, കാരണം അവ ഒരു പൂർണ്ണമായതിന്റെ രണ്ടു ഭാഗങ്ങളാണ്. രക്ഷാപദ്ധതി പൂർണമാകണമെങ്കിൽ, രണ്ടു ഭാഗങ്ങളും ആവശ്യമാണ്.

**രണ്ടാം വരവിനെക്കുറിച്ചു നമുക്ക് അത്രയധികം ഉറപ്പു നൽകുന്ന എന്താണ് ക്രിസ്തു ഒന്നാം വരവിൽ നേടിയെടുത്തത്? ക്രിസ്തുവിന്റെ ഒന്നാംവരവ് രണ്ടാം വരവിൽ പരിണമിക്കുന്നില്ലെങ്കിൽ ഒന്നാം വരവിന്റെ ഉദ്ദേശ്യം എന്താണ്?**

## നീ എന്നെ ആശ്വസിപ്പിച്ചു (യെശ. 12:1–6)

അവന്റെ ശക്തവും കരുണാമയവുമായ ആശ്വസിപ്പിക്കലിനുള്ള ദൈവസ്തുതിയാണ് യെശയ്യാവ് 12. വീണ്ടെടുക്കപ്പെട്ട ശേഷിപ്പിലെ ഒരംഗത്തിന്റെ വായിൽ നൽകപ്പെട്ട ഈ സങ്കീർത്തനം (യെശ. 11:16 കാണുക). മോശെയുടെയും ചെങ്കടലിൽ ഫറവോന്റെ സൈന്യത്തിൽനിന്നും രക്ഷപ്പെട്ട യിസ്രായേല്യരുടെയും ഗാനംപോലെയാണ് (പുറ. 15).

യെശ. 12 ലുള്ള ഈ ഗാനത്തെ വെളിപ്പാട് 15:2–4 ലെ മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടുമായി താരതമ്യം ചെയ്യുക. അവർ രണ്ടുപേരും എന്തിനുവേണ്ടിയാണ് ദൈവത്തെ സ്തുതിക്കുന്നത്?

യെശ. 12:2 വരുവാനുള്ള വീണ്ടെടുപ്പുകാരൻ എന്നു തിരിച്ചറിയുന്നതിന് അടുത്തെത്തുന്നു. അത് പറയുന്നത് “ദൈവം എന്റെ രക്ഷ” എന്നും “യഹോവ എന്റെ രക്ഷയായിത്തീർന്നിരിക്കുന്നു” എന്നുമാണ് യേശു എന്ന പേരിന് അർത്ഥം “യഹോവ എന്റെ രക്ഷയാകുന്നു” (മത്തായി 1:21) എന്നാണ്.

**യേശുവിന്റെ പേരിൽ ഉൾക്കൊണ്ടിരിക്കുന്ന “ദൈവം രക്ഷയാകുന്നു” എന്ന ആശയത്തിന്റെ പ്രാധാന്യമെന്ത്?**

ദൈവം രക്ഷ ചൊരിയുക മാത്രമല്ല; (യെശ. 12:2) പിന്നെയോ അവൻ തന്നെ രക്ഷയാകുന്നു. നമുക്കിടയിലുള്ള യിസ്രായേലിന്റെ പരിശുദ്ധന്റെ സാന്നിദ്ധ്യം (യെശ. 12:6) തന്നെ നമുക്കു സകലവുമാണ്. ദൈവം നമ്മോടുകൂടെയുണ്ട്! യേശു അത്ഭുതങ്ങൾ ചെയ്യുകയും ജഡമായി നമ്മുടെ ഇടയിൽ പാർക്കുകയും ചെയ്തു” (യോഹ. 1:14). അവൻ നമ്മുടെ പാപങ്ങൾ ക്രൂശിൽ വഹിക്കുകയും, നമുക്കായി, പാപമായിത്തീരുകയും ചെയ്തു (2 കൊരി. 5:21). അവൻ സമാധാനം ഉണ്ടാക്കുകയും നമ്മുടെ സമാധാനമാകയും ചെയ്തു (എഫെ. 2:11).

“യിശ്ശായി വേരായവൻ വംശങ്ങൾക്ക് അടയാളമായി നില്ക്കും” (യെശ. 11:10) എന്നത് അതിശയമല്ല അവൻ ക്രൂശിൽ ഉയർത്തപ്പെടുമ്പോൾ അവൻ സകലരെയും അവങ്കലേക്ക് ആകർഷിക്കും (യോഹ. 12:32,33). “വീരനാം ദൈവത്തിലേക്ക്’ (യെശ. 10:21) ഒരു ശേഷിപ്പു മടങ്ങിവരും, അവൻ നമുക്കായി ജനിച്ച ശിശുവാണ്, “സമാധാന പ്രഭു” (യെശ. 9:6).

യേശു നമ്മുടെ രക്ഷയാണെന്നുള്ള ആശയത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക, പറയുക. റോമർ 3:24 പറയുന്നത് വീണ്ടെടുപ്പ് യേശുവിലാണെന്നാണ്; അത് അവനിൽ സംഭവിച്ച എന്തോ ആണ്, ദൈവത്തിന്റെ കൃപയിലൂടെയും കരുണയിലൂടെയുമാണ് നമുക്ക് അതിൽ ഒരു നിത്യപങ്കാളിത്തം ഉണ്ടാകുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവനിലുള്ള ആ രക്ഷ വിശ്വാസത്താൽ നമ്മുടേതാകുന്നു. പ്രവൃത്തികളാലല്ല, കാരണം നാം ചെയ്യുന്ന ഒരു പ്രവൃത്തിയും നമ്മെ വീണ്ടെടുക്കാവുന്ന വിധം നല്ലതല്ല. വിശ്വാസത്താൽ അവൻ നമുക്കു നൽകുന്ന ക്രിസ്തു ചെയ്ത പ്രവൃത്തികൾക്കു മാത്രമേ രക്ഷ നൽകാൻ കഴിയൂ. ഈ സത്യം നിങ്ങൾക്ക് എങ്ങനെയാണ് പ്രത്യാശയും രക്ഷയുടെ ഉറപ്പും നൽകുന്നത്, പ്രത്യേകിച്ച് നിങ്ങൾക്കു നിങ്ങളുടെ സ്വന്തം അയോഗ്യതയെക്കുറിച്ചുള്ള ചിന്ത പൂർണ്ണമായി കീഴ്പ്പെടുത്തുമ്പോൾ?

## കൂടുതൽ പഠനം:

ഒരു മനുഷ്യപിതാവിന്റെ ഹൃദയം അവന്റെ മകനായി വാഞ്ഛിക്കുന്നു. അവന്റെ ചെറിയ പൈതലിന്റെ മുഖത്തേക്കു നോക്കി ലോകത്തിലെ കഷ്ടപ്പാട് ഓർത്ത് അവൻ വിറയ്ക്കുന്നു. അവന്റെ പ്രിയ പുത്രനെ സാത്താന്റെ ശക്തിയിൽനിന്നും പരീക്ഷകളിൽനിന്നും പോരാട്ടങ്ങളിൽനിന്നും സംരക്ഷിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ ചെറിയ പൈതങ്ങൾക്ക് ആ ജീവിതപാത ഉറപ്പാക്കുന്നതിനായി ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകി കൂടുതൽ കയ്പേറിയതും കൂടുതൽ ഭയാനകവുമായ ഒരു പോരാട്ടത്തെ നേരിട്ടു. "ഭൂമിയെ ആശ്ചര്യപ്പെടൂ; സ്വർഗ്ഗങ്ങളെ അതിശയിക്കൂ, ഇവിടെയാണ് സ്നേഹം E.G. White, Desire of Age P. 49.

"മനുഷ്യന്റെ രക്ഷയ്ക്കാവശ്യമായ വ്യവസ്ഥകൾ ചെയ്തുകൊള്ളാമെന്ന് സമ്മതിച്ചത് ക്രിസ്തുവായിരുന്നു. നടക്കേണ്ടിയിരുന്ന ഒരു വലിയ വേലയ്ക്കായി ഒരു മനുഷ്യനോ ഒരു ദൂതനോ മതിയാകുമായിരുന്നില്ല. മനുഷ്യപുത്രൻ മാത്രമേ ഉയർത്തപ്പെടാവൂ; കാരണം ഒരു നിത്യനായവനു മാത്രമേ ഒരു രക്ഷാ പ്രക്രിയ നടപ്പിലാക്കാനാകൂ. അവിശ്വസ്തരും പാപികളുമായവരുമായി ബന്ധപ്പെടാമെന്ന് ക്രിസ്തു സമ്മതിച്ചത്, മനുഷ്യന്റെ പ്രകൃതവുമായി പങ്കുചേരാനായിരുന്നു, അവന്റെ സ്വന്തം രക്തം നൽകുവാൻ അവന്റെ ആത്മാവിനെ യാഗമായി അർപ്പിക്കുവാൻ. സ്വർഗ്ഗീയപര്യാലോചനയിൽ മനുഷ്യന്റെ കുറ്റം അളക്കപ്പെട്ടു, പാപത്തിനുള്ള ക്രോധം കണക്കാക്കപ്പെട്ടു. എന്നിട്ടുകൂടി വീഴ്ച ഭവിച്ച ഒരു വർഗ്ഗത്തിന് പ്രത്യാശ നൽകുവാനുള്ള വ്യവസ്ഥകളുടെ ഉത്തരവാദിത്തം തന്റെ ചുമലിലേറ്റുവാനുള്ള തീരുമാനം ക്രിസ്തു പ്രഖ്യാപിച്ചു."

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **നാം യെശയ്യാവ് 11 ൽ കണ്ടതുപോലെ, ക്രിസ്തുവിന്റെ രണ്ട് വരവുകളെയും ദൈവം ഒരു ചരിത്രത്തിൽ അവതരിപ്പിച്ചു. യെഹൂദന്മാരിൽ ചിലർ എന്തുകൊണ്ടാണ് യേശുവിനെ അവന്റെ ഒന്നാം വരവിൽ സ്വീകരിക്കാത്തത് എന്നു വിശദീകരിക്കുവാൻ ഇത് ഒരു പരിധിവരെ സഹായിക്കും. കാരണം അവർ പ്രതീക്ഷിച്ചത് രണ്ടാം വരവിൽ മാത്രം സംഭവിക്കേണ്ട കാര്യങ്ങൾ ഇപ്പോൾ അവൻ ചെയ്യുമെന്നാണ്. ക്രിസ്തുവിന്റെ വരവിന്റെ പ്രകൃതത്തെക്കുറിച്ചുള്ള ശരിയായ ഒരു തിരിച്ചറിവ് ഉണ്ടായിരിക്കേണ്ടത് എത്ര പ്രധാനമാണെന്നതിനെക്കുറിച്ച് ഇതു നമ്മോട് എന്തു പറയുന്നു? ഉദാഹരണത്തിന് എങ്ങനെയാണ് അവന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടുകൾ സാത്താന്റെ അന്ത്യകാല വഞ്ചനകൾക്ക് വശംവദമാകുന്നത്?**

E.G. White, The Great Controvesy Chapter 39 കാണുക.

**സംഗ്രഹം: "യഹോവയുടെ രക്ഷ" എന്ന് പേരിന് അർത്ഥമുള്ള യെശയ്യാവിന്റെ കാലത്ത്, രാജ്യവ്യാപകമായ വിശ്വാസത്യാഗം മൂലം അവർക്കുമേൽ വരുവാനിരിക്കുന്ന അടിമച്ചമർത്തലിൽനിന്ന് ദൈവം അവന്റെ ശേഷിപ്പിനു രക്ഷ വാഗ്ദത്തം ചെയ്തു. പ്രത്യാശയുടെ ഈ പ്രവചനം അതിന്റെ പാരമ്യ പൂർത്തീകരണം കണ്ടെത്തുന്നത് യേശുവിലാണ്. "യഹോവ രക്ഷ ആകുന്നു."**